**A** **703**

# സമഗ്ര ശിക്ഷാ കേരളം

## അർധവാർഷിക മൂല്യനിർണ്ണയം 2024-2025

## ഗണിതം

ക്ലാസ് : 7 സമയം : 2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1**

101 × 102 = 10302 ആണ്. ചുവടെ നൽകിയിരിക്കുന്ന ക്രിയകൾ പരിശോധിക്കുക.

A. 1.01 × 10.2

B. 0.101 × 10.2

C. 10.1 × 10.2

D. 101 × 0.102

E. 1.01 × 0.102

എ) ഒരേ ഗുണനഫലം വരുന്ന ക്രിയകൾ ഏതെല്ലാമാണ്?

ബി) ഏറ്റവും വലിയ ഗുണനഫലമുള്ള ക്രിയയും ഏറ്റവും ചെറിയ ഗുണനഫലമുള്ള ക്രിയയും കണ്ടെത്തി എഴുതുക.

സി) 101 നെ താഴെകൊടുത്തവയിൽ ഏതു സംഖ്യ കൊണ്ട് ഗുണിച്ചാൽ 1030.2 കിട്ടും?

A) 102   B) 1.02   C) 10.2   D) 0.102

**പ്രവർത്തനം 2**

എ) 40 സെന്റിമീറ്റർ ചുറ്റളവുള്ള ഒരു ചതുരത്തിന്റെ വശങ്ങൾ 1:3 എന്ന അംശബന്ധത്തിൽ ആണ്. ചതുരത്തിന്റെ പരപ്പളവ് എത്ര?

ബി) ഈ ചതുരത്തിന്റെ പരപ്പളവും ഇതേ ചുറ്റളവുള്ള ഒരു സമചതുരത്തിന്റെ പരപ്പളവും തമ്മിലുള്ള അംശബന്ധം എന്ത്?

സി) താഴെ തന്നിരിക്കുന്നവയിൽ നീളവും വീതിയും 3:2 ആയ അളവുകൾ ഏത്?

A. നീളം 3 മീറ്റർ, വീതി $1\frac{1}{2}$ മീറ്റർ

B. നീളം 75 സെ.മീ., വീതി 25 സെ.മീ.

C. നീളം 2 മീറ്റർ, വീതി 1.5 മീറ്റർ

D. നീളം 6 സെ.മീ., വീതി 4 സെ.മീ.

**പ്രവർത്തനം 3**

ഒന്നാം കോളത്തിന് സമാനമായ ക്രിയകൾ രണ്ടാം കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക.

| | | |
|---|---|---|
| എ) | (125 - 75) - 25 | 125 + (75 + 25) |
| ബി) | 125 - (75 - 25) | 125 - (75 + 25) |
| സി) | (125 + 75) - 25 | (125 - 75) + 25 |
| ഡി) | (125 + 75) + 25 | 125 + (75 - 25) |

ഇ) ഒരു സംഖ്യയുടെ 4 മടങ്ങിനോട് ആ സംഖ്യയുടെ 3 മടങ്ങ് കൂട്ടിയത് എന്നതിനെ ബീജഗണിതം ഉപയോഗിച്ച് സൂചിപ്പിച്ചത് താഴെ കൊടുത്തവയിൽ ഏതാണ്?

A) $3x + 4$

B) $4x + 3x$

C) $4x + 3$

D) $4x + 3y$

പ്രവർത്തനം 4

എ) 5 മുതൽ 10 വരെയുള്ള സംഖ്യകളുടെ ഗുണനഫലത്തെ അഭാജ്യസംഖ്യകളുടെ കൃതികളുടെ ഗുണനഫലമായി എഴുതുക.

ബി) ഈ ഗുണനഫലത്തെ ഹരിക്കാൻ കഴിയുന്ന 3 ന്റെ ഏറ്റവും വലിയ കൃതി ഏത്?

സി) 5 മുതൽ 10 വരെയുള്ള സംഖ്യകളുടെ ഗുണനഫലത്തിന്റെ അവസാനം എത്ര പൂജ്യങ്ങൾ ഉണ്ട്?

പ്രവർത്തനം 5

എ) 72 നെ അഭാജ്യസംഖ്യകളുടെ കൃതികളുടെ ഗുണനഫലമായി എഴുതുക.


ബി) 72 ന്റെ എല്ലാ ഘടകങ്ങളും കണ്ടെത്തി എഴുതുക.

സി) താഴെ തന്നിരിക്കുന്നവയിൽ 8 ഘടകങ്ങളുള്ളതേത്?

A) $12 \times 13$ B) $16 \times 17$ C) $22 \times 23$ D) $30 \times 31$

പ്രവർത്തനം 6

എ) 729 നെ വ്യത്യസ്ത സംഖ്യകളുടെ കൃതികളായി എഴുതിയിരിക്കുന്നു. വിട്ടുപോയവ പൂരിപ്പിക്കുക




ബി) $\frac{96}{128}$ നെ കൃത്യങ്ക രൂപത്തിലെഴുതി ലഘൂകരിക്കുക.

സി) $4^6$ ന്റെ പകുതി താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണ്?

A) $4^5$ B) $2^6$ C) $2^{11}$ D) $4^3$

പ്രവർത്തനം 7


എ) ഒരു ടാങ്കിന്റെ $\frac{2}{3}$ ഭാഗം നിറഞ്ഞപ്പോൾ അതിൽ 1000 ലിറ്റർ വെള്ളമുണ്ട്. ടാങ്ക് മുഴുവൻ നിറയുമ്പോൾ അതിൽ എത്ര ലിറ്റർ വെള്ളമുണ്ടാകും?

ബി) ഒരു ചതുരത്തിന്റെ പരപ്പളവ് $12\frac{1}{2}$ ചതുരശ്ര മീറ്ററും വീതി $1\frac{1}{4}$ മീറ്ററുമാണ്. അതിന്റെ നീളം എത്ര മീറ്ററാണ്?

സി) $\left(\frac{1}{2}\right)^3$ ന്റെ ദശാംശരൂപം ഏത്?

A) 0.250　　B) 0.825　　C) 0.625　　D) 0.125

**പ്രവർത്തനം 8**




ഈ ചിത്രം തന്നിരിക്കുന്ന അളവിൽ വരയ്ക്കുക. അനുയോജ്യമായ രീതിയിൽ ഷെയ്ഡു ചെയ്ത് ഭംഗിയാക്കുക.